# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാട്ടുകുറ്റി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSATSR (P 4)1212/2021 തീ. 10/12/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 05/02/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാട്ടുകുറ്റി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSATSR (P 4)1212/2021 തീ. 10/12/2021 തീയ്യതി: 05/02/2022

## തൃശ്ശൂർ ജില്ലയിലെ കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-01-2020 മുതൽ 30-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിന്ന മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 04-08-2021 | 17-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-08-2021 | 17-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഷീന.കെ.ടി,ഓഡിറ്റ് ഓഫീസർ
ശ്രീ.ശിവദാസൻ.എ.കെ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സലീഷ്.എം.ജി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സുമിത.ടി.എസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ധന്യദിലീപ്,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| തോമസ് .ഐ. കണ്ണത്ത് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| പ്രശാന്ത്.കെ.കെ | സെക്രട്ടറി | 01-04-2019 | 14-07-2019 |

| | | | |
|---|---|---|---|
| ഷാജൻ. കെ. വി | സെക്രട്ടറി | 15-07-2019 | 12-11-2019 |
| നന്ദകുമാർ. കെ. കെ | സെക്രട്ടറി | 18-11-2019 | 04-12-2019 |
| ഹബീബ്. വി. എച്ച്. | സെക്രട്ടറി | 06-12-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| റോയ് ഡേവിസ് | അസി.സെക്രട്ടറി | 01-04-2019 | 03-01-2020 |
| ജയചന്ദ്രൻ .സി . ആർ | അസി.സെക്രട്ടറി | 04-01-2020 | 26-01-2020 |
| ഉഷാദേവി.കെ.എസ്. | അസി.സെക്രട്ടറി | 27-01-2020 | 31-03-2020 |
| രോഹിത് മേനോൻ | അസി.എഞ്ചിനീയർ | 01-04-2019 | 07-08-2019 |
| ലീസ .വി. എ | അസി.എഞ്ചിനീയർ | 08-08-2019 | 31-03-2020 |
| ഡോ. സീന. സി. സി | മെഡിക്കൽ ഓഫീസർ(പി. എച്ച്. സി) | 01-04-2019 | 29-01-2020 |
| ഡോ.ശാലിനി ബാലചന്ദ്രൻ | മെഡിക്കൽ ഓഫീസർ(പി. എച്ച്. സി) | 30-01-2020 | 31-03-2020 |
| ഡോ. രേഖ .എൻ. എസ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 31-03-2020 |
| സാബു . സി. എസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. കുരിയാക്കോസ് അലോഷ് പീറ്റർ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഗിരിജാദേവി | വി.ഇ ഒ. വൈന്തല | 01-04-2019 | 25-05-2019 |
| സലീഷ്. സി .കെ | വി.ഇ ഒ. വൈന്തല | 26-05-2019 | 09-07-2019 |
| രേഷ്മ .ആർ. നായർ | വി.ഇ ഒ. വൈന്തല | 10-07-2019 | 31-03-2020 |
| സലീഷ്. സി .കെ | വി.ഇ ഒ. കാടുകുറ്റി | 01-04-2019 | 31-03-2020 |
| അനില. വി . തെയ്യശ്ശേഞ്ചേരി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| വിനോദിനി . കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 19-12-2019 |
| സുഷമ . സി. എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 20-12-2019 | 31-03-2020 |

ശ്രീ.ഷാജൻ.കെ.വി 12.11.2019 മുതൽ 17.11.2019 വരെ അവധിയിൽ ആയിരുന്നു, ചാർജ് ആർക്കും നൽകിയിരുന്നില്ല.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sheena K T (Audit Officer, On 16-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Sheena K T (Audit Officer, On 17-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)<br>Written By: Sheena K T (Audit Officer, On 16-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sumitha T.S (Asst. Audit Officer, On 11-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-4 |
| 5 | ക്ഷേമപെൻഷനുകൾ സംബന്ധിച്ച്<br>Written By: Sheena K T (Audit Officer, On 17-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-5 |
| 6 | പദ്ധതി അവലോകനം<br>Written By: Sheena K T (Audit Officer, On 17-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-6 |
| 7 | ക്യാഷ് പരിശോധന<br>Written By: Sumitha T.S (Asst. Audit Officer, On 12-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sheena K T (Audit Officer, On 17-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Sheena K T (Audit Officer, On 17-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-9 |
| 10 | അടിസ്ഥാന അനുപാതങ്ങൾ സംബന്ധിച്ച പത്രിക ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല<br>Written By: Sumitha T.S (Asst. Audit Officer, On 16-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-10 |
| 11 | വസ്തു നികുതി-റെസിഡൻഷ്യൽ - രജിസ്റ്ററും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Sumitha T.S (Asst. Audit Officer, On 16-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-11 |
| 12 | വസ്തു നികുതി നോൺ റസിഡൻഷ്യൽ - ഡിസിബിയും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 16-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-12 |
| 13 | വസ്തു നികുതി - റസിഡൻഷ്യൽകുടിശ്ശിക - ഡിസിബിയും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 16-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-13 |
| 14 | വസ്തു നികുതി നോൺ റസിഡൻഷ്യൽ കുടിശ്ശിക -ഡിസിബിയും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Sumitha T.S (Asst. Audit Officer, On 16-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-14 |
| 15 | ലൈബ്രറി സെസ് -ഡിസിബിയും വാർഷികകണക്കും തമ്മിൽ പൊരുത്തമില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 16-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-15 |
| 16 | വസ്തുനികുതി മുൻകൂർ-സഞ്ചയയും ബാലൻസ് ഷീറ്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Sumitha T.S (Asst. Audit Officer, On 16-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-16 |
| 17 | വസ്തുനികതി -കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 16-08-2021) | 1-17 |

| | | |
|---|---|---|
| | Last Updated By: Sheena K T (Audit Officer, On 13-12-2021) | |
| 18 | പ്രയർ പിരീഡ് മുഖേന വസ്തു നികുതി അഡ്വാൻസ് തുക വർദ്ധിപ്പിച്ചു.<br>Written By: Sumitha T.S (Asst. Audit Officer, On 16-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-18 |
| 19 | വാടക ഡിമാന്റ് ഒറ്റ തവണ മാത്രം രേഖപ്പെടുത്തി.<br>Written By: Sumitha T.S (Asst. Audit Officer, On 16-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-19 |
| 20 | രേഖകളില്ലാതെ ജേണൽ എൻട്രികൾ -ചെലവ് എഴുതിത്തള്ളലും വരുമാനമായി ക്രമീകരിക്കലും<br>Written By: Sumitha T.S (Asst. Audit Officer, On 16-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-20 |
| 21 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 16-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-21 |
| 22 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 16-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-22 |
| 23 | ജേണൽ എൻട്രികൾക്ക് വൗച്ചർ അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 16-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-23 |
| 24 | ഇൻവസ്റ്റ് മെന്റ് -പലിശ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 16-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-24 |
| 25 | തൊഴിലുറപ്പ് പദ്ധതി-കോൺക്രീറ്റ് റോഡ് നിർമ്മാണം -മൂലധന ചെലവായി രേഖപ്പെടുത്തിയില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 16-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-25 |
| 26 | അഡ്വാൻസ് രജിസ്റ്ററും ബാലൻസ് ഷീറ്റും പൊരുത്തപ്പെടുത്തിയിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 16-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-26 |
| 27 | വായ്പ കണക്കുകൾ ബാലൻസ് ഷീറ്റുമായി പൊരുത്തമില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 16-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-27 |
| 28 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 16-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-28 |
| 29 | മുൻകൂർ ക്രമീകരിച്ചിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 16-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-29 |
| 30 | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 8 ഡെപ്പോസിറ്റ് വർക്ക് -ലയബിലിറ്റി വരുമാനമായി ക്രമീകരിക്കാവുന്നതാണ്.<br>Written By: Sumitha T.S (Asst. Audit Officer, On 16-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-30 |
| 31 | Other Liability തുകകൾ പരിശോധന വിധേയമാക്കേണ്ടതാണ്.<br>Written By: Sumitha T.S (Asst. Audit Officer, On 17-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-31 |
| 32 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ വരുമാനമായി ക്രമീകരിക്കാവുന്നതാണ്.<br>Written By: Sumitha T.S (Asst. Audit Officer, On 17-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-32 |
| 33 | Stale Cheque വരുമാനമായി ക്രമീകരിക്കാവുന്നതാണ്.<br>Written By: Sumitha T.S (Asst. Audit Officer, On 17-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-33 |
| 34 | ക്യാൻസൽ ചെയ്ത രസീതിന്റെ ഡ്യൂപ്ലിക്കേറ്റ് ലഭ്യമായില്ല.<br>Written By: Dhanya Dhileep (Auditor, On 16-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-34 |
| 35 | ഒരു രസീതിയിൽ പത്ത് പേരുടെ ഗുണഭോക്തൃവിഹിതം ഈടാക്കി.<br>Written By: Dhanya Dhileep (Auditor, On 15-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-35 |

| | | |
|---|---|---|
| 36 | ലൈസൻസ് ഫീസ് അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 17-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-36 |
| 37 | കാലാവധി കഴിഞ്ഞ ക്ളിയറൻസ് സർട്ടിഫിക്കറ്റിന്മേൽ ലൈസൻസ് നൽകി .<br>Written By: Sumitha T.S (Asst. Audit Officer, On 17-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-37 |
| 38 | ട്രേഡ്സ് ലിസ്റ്റും ലൈസൻസ് നൽകിയ സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ പൊരുത്തമില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 17-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-38 |
| 39 | സൗരോർജ്ജ ജല താപന സംവിധാനം ഉറപ്പ വരുത്തേണ്ടതാണ്.<br>Written By: Sumitha T.S (Asst. Audit Officer, On 17-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-39 |
| 40 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - പദ്ധതിയിൽ നിന്നും വിട്ടുപോയവരുടെ വിഹിതം തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Sumitha T.S (Asst. Audit Officer, On 17-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-40 |
| 41 | കാതിക്കുടം പ്രാഥമികാരോഗ്യ കേന്ദ്രം നവീകരണം. എഗ്രിമെന്റ് വെയ്ക്കാൻ വീഴ്ച വരുത്തിയ കരാറുകാരന്റെ നിരതദ്രവ്യം കണ്ടുകെട്ടി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയ വിവരം അറിയിക്കേണ്ടതാണ്.<br>Written By: Sivadasan A K (Asst. Audit Officer, On 16-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-41 |
| 42 | സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല.<br>Written By: Sheena K T (Audit Officer, On 17-08-2021)<br>Last Updated By: Sunitha.R (Senior Grade Auditor, On 05-02-2022) | 1-42 |
| 43 | മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Dhanya Dhileep (Auditor, On 17-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-43 |
| 44 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്<br>Written By: Dhanya Dhileep (Auditor, On 17-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-44 |
| 45 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ മരുന്നുകൾ /ചികിത്സാ ഉപകരണങ്ങൾ ലഭ്യമായിട്ടില്ല.<br>Written By: Dhanya Dhileep (Auditor, On 17-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 1-45 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Sheena K T (Audit Officer, On 09-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.<br>Written By: Sheena K T (Audit Officer, On 09-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.<br>Written By: Sheena K T (Audit Officer, On 11-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്.<br>Written By: Sheena K T (Audit Officer, On 11-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപം.<br>Written By: Sheena K T (Audit Officer, On 11-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 4-5 |

| | | |
|---|---|---|
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sheena K T (Audit Officer, On 11-08-2021)<br>Last Updated By: Sheena K T (Audit Officer, On 11-08-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്.<br>Written By: Sheena K T (Audit Officer, On 11-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Sheena K T (Audit Officer, On 11-08-2021)<br>Last Updated By: Sheena K T (Audit Officer, On 16-08-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sheena K T (Audit Officer, On 11-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sheena K T (Audit Officer, On 11-08-2021)<br>Last Updated By: Sheena K T (Audit Officer, On 13-12-2021) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം/തിയതി | പ്രതീക്ഷിത വരുമാനം | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 20-2-2019 | 1 (20-2-2019) | 185435950 | 182119520 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം / തിയതി | പ്രതീക്ഷിത വരുമാനം | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 11-3-2020 | 28(1) (11-3-2020) | 210163950 | 161505614 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി |
|---|---|
| 31-7-2020 | 17-6-2020 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 20624197 |
| വരവ് | 56704515 |
| ആകെ | 77328712 |
| ചെലവ് | 62783910 |
| നീക്കിയിരിപ്പ് | 14544802 |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | ഇല്ല | 14960153 | 14960153 | 9899248 | 5060905 |
| വികസനഫണ്ട് (എസ്.സി.പി) | ഇല്ല | 8383882 | 8383882 | 6943507 | 1440375 |
| വികസനഫണ്ട് (ടി.എസ്.പി) | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (UnTied) | ഇല്ല | 8028979 | 8028979 | 3196426 | 4832553 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | ഇല്ല | 9505000 | 9505000 | 5832898 | 3672102 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | ഇല്ല | 3251000 | 3251000 | 2327861 | 923139 |

## 1-5 ക്ഷേമപെൻഷനുകൾ സംബന്ധിച്ച്

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 12840 | 15 |
| കർഷകതൊഴിലാളി പെൻഷൻ | 2334600 | 394 |
| വിധവാ പെൻഷൻ | 5085600 | 907 |
| വാർദ്ധക്യകാലപെൻഷൻ | 12851100 | 2480 |
| വികലാംഗ പെൻഷൻ | 1711200 | 301 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 319200 | 60 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 120000 | 4 |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ(എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 237 | 85666820 | 112 | 39215286 | 115 | 10 | 47.26% |

## 1-7 ക്യാഷ് പരിശോധന

1994 -ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-08-2021 തീയതിയിൽ 3:30 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6582/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5474 | 1196629 | 1202103 | 1200155 | 1948 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 10127403 | 10132877 | 10132877 | - |

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗുകളിൽ നിർവഹണോദ്യോഗസ്ഥരുടെ പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നതായി കാണുന്നില്ല. മീറ്റിംഗ് മിനിറ്റ്സുകൾ ആധികാരികമാക്കി സൂക്ഷിക്കുന്നുണ്ട്.

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി , വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3. ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4. വാടക ഡിമാന്റ് രജിസ്റ്റർ.

5. പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

6. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

ഉപയോഗ്യ ശൂന്യമായ പൊതു ടാപ്പുകൾ ഒഴിവാക്കുന്നതിനും, തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുവാൻ കമ്മറ്റി തീരുമാനമെടുത്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. ആയത് എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 അടിസ്ഥാന അനുപാതങ്ങൾ സംബന്ധിച്ച പത്രിക ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

## 1-11 വസ്തു നികുതി-റെസിഡൻഷ്യൽ - രജിസ്റ്ററും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

തൻവർഷം

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2681937 | 2522407 | 66812 | 103210 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2681937 | 2522407 | 98551 | *103210 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410101- Advance Collection- PT On Res. Bldg-ന്റെ ലെഡ്ജർ) | *( 108474/105X100)= 103308 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് |

| | | | | |
|---|---|---|---|---|
| | | | | തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്ന |

## 1-12 വസ്തു നികുതി നോൺ റസിഡൻഷ്യൽ - ഡിസിബിയും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

നോൺ – റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2211201 | 2044559 | 9236 | 162712 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2211201 | 2044559 | 38132 | 162881 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *( 171025 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്ന |

## 1-13 വസ്തു നികുതി - റസിഡൻഷ്യൽകുടിശ്ശിക - ഡിസിബിയും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

കുടിശ്ശിക

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 8155 | 3032 | 6027 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 7028 | 3032 | 4140 |
| | (2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (3009+4370=7379../105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (4347./105X100)=4140 |

## 1-14 വസ്തു നികുതി നോൺ റസിഡൻഷ്യൽ കുടിശ്ശിക -ഡിസിബിയും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 209190 | 244 | 209190 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 219967 | 244 | 219734 |
| | (2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (47145+183820=230965/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | (230721/105X100)=219734 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-15 ലൈബ്രറി സെസ് -ഡിസിബിയും വാർഷികകണക്കും തമ്മിൽ പൊരുത്തമില്ല.

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് വർദ്ധിപ്പിച്ചത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻവർഷം | കുടിശ്ശിക | ആകെ | തൻവർഷം | കുടിശ്ശിക | ആകെ | | | തൻവർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 136758 | 423 | 137181 | 128376 | 159 | 128535 | 3622 | | 5264 | 307 | 5571 |
| | നോൺ-റെസിഡൻഷ്യൽ | 111278 | 10485 | 121763 | 102613 | 12 | 102625 | 500 | | 8313 | 10485 | 18798 |
| | ആകെ | | | 258944 | | | 231160 | 4122 | | 24369 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 259385 | | | 231694 | | | | 60105 | 25728 | | |
| | | 11349+248036=(2018-19ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt . Cess/levies...... ലെഡ്ജർ 2019-20) | | | (റസീറ്റ് & പേയ്‌മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2019-20) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബ്യക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-16 വസ്തുനികുതി മുൻകൂർ-സഞ്ചയയും ബാലൻസ് ഷീറ്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2019 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ. നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 10996 | 10474 |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 5454 | 5197 |

## 1-17 വസ്തുനികതി -കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല.

1/4/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019 -20 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്‌ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 വർഷത്തിൽ കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിൽ 194 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2019-20 ലെ "110100101 - Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103 - Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് 31.03.2020 മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധൂത നല്കുന്ന വൌച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധൂത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-18 പ്രയർ പിരീഡ് മുഖേന വസ്തു നികുതി അഡ്വാൻസ് തുക വർദ്ധിപ്പിച്ചു.

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൌണ്ട് പരിശോധിച്ചു. അതിൽ 16384 രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior Period Items" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൌച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൌച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൌച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

റെസിഡൻഷ്യൽ

| ക്രമ.നം | ജേണൽ വൌച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1. | 41900426 | 31.03.2020 | 10996 |

നോൺ – റെസിഡൻഷ്യൽ

| ക്രമ.നം | ജേണൽ വൌച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1. | 41900423 | 31.03.2020 | 5388 |

## 1-19 വാടക ഡിമാന്റ് ഒറ്റ തവണ മാത്രം രേഖപ്പെടുത്തി.

2019 – 20 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ് / ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ /എഴുതി തള്ളൽ /ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ് /ഡിമാന്റ് കുറവ് ചെയ്യൽ /എഴുതി തള്ളൽ /ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡികയിൽ ചേർത്തിട്ടുണ്ട്)

| ക്രമ.നം | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൌച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക(20 കെട്ടിടങ്ങൾ) | 130100101-Rent From Building | 341520.00 | 31.03.2020 | 41900401 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ /ഡിമാന്റ് കുറവ് ചെയ്യൽ /എഴുതി തള്ളൽ /ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-20 രേഖകളില്ലാതെ ജേണൽ എൻട്രികൾ -ചെലവ് എഴുതിത്തള്ളലും വരുമാനമായി ക്രമീകരിക്കലും

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/201 9ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | (572502.00) |
| 280100104-Prior Period Income-Property Tax On Non Residential Buildings | (4245.00) |
| 280200101-Prior Period Income-Profession Tax | (750.00) |
| 280200201- Prior Period Income-License Fees | (300.00) |
| 280200401-Prior Period Income-Other Income | 488841.00 |
| 280800101-Prior Period-Miscellaneous Expenses | (11340967.00) |
| 280800501-Prior Period- Revenue Grants &Contributions | 83744.00 |

## 1-21 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (6079395.00) രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2019-20കാലയളവിൽ "Net Cash Generated By Operating + Investing+ Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 813281.00 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-22 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-23 ജേണൽ എൻട്രികൾക്ക് വൗച്ചർ അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല.

കാഷ് അല്ലെങ്കിൽ ബാങ്ക് / ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാന്വലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-24 ഇൻവസ്റ്റ് മെന്റ് -പലിശ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 5000000 രൂപയുടെ നിക്ഷേപം കാണുന്നു. എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയത് പരിശോധിച്ചതിൽ 22.2.2020 ൽ ഇൻവസ്റ്റ്മെന്റ് മെച്വേർഡ് ആവുകയും 248178 രൂപ പലിശ കൂടി ചേർത്ത് ഇൻവസ്റ്റ്മെന്റ് പുതുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പലിശ തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഇൻവസ്റ്റ്മെന്റ് രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല.

## 1-25 തൊഴിലുറപ്പ് പദ്ധതി-കോൺക്രീറ്റ് റോഡ് നിർമ്മാണം -മൂലധന ചെലവായി രേഖപ്പെടുത്തിയില്ല.

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം (ഷെഡ്യൂൾ I-6, I-14 (A)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 11324032 രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ 6 കോൺക്രീറ്റ് റോഡുകൾ നിർമിക്കുന്നതിനുള്ള 843162 രൂപയുടെ മൂലധനചെലവും ഉൾപ്പെടുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ.നം | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1 | ഉത്രാടം കോളനി റോഡിന്റെ അവസാന ഭാഗം കോൺക്രീറ്റിങ്ങ് | 56369 |
| 2 | കടമ്പനാട് ബ്രാഞ്ച് കനാൽ റോഡ് കോൺക്രീറ്റിങ്ങ് | 194851 |
| 3 | പാലിയം റോഡ് കോൺക്രീറ്റിങ്ങ് | 219086 |
| 4 | കൊളത്തായി റോഡ് കോൺക്രീറ്റിങ്ങ് | 47380 |
| 5 | വൈന്തല ബംഗ്ളാവ് പറമ്പ് പള്ളിക്കടവ് ലിങ്ക് റോഡ് കോൺക്രീറ്റിങ്ങ് | 181119 |
| 6 | ശാന്തി ലൈൻ റോഡ് കോൺക്രീറ്റിങ്ങ് | 144357 |
| | ആകെ | 843162 |

ഈ തുക തെറ്റായി റവന്യൂവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരമുള്ള ആകെ വരുമാനം, ചെലവ് എന്നിവ 843162/- രൂപ കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ 843162/- രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോണ്ട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത് തിരുത്തേണ്ടതാണ്.

## 1-26 അഡ്വാൻസ് രജിസ്റ്ററും ബാലൻസ് ഷീറ്റും പൊരുത്തപ്പെടുത്തിയിട്ടില്ല.

അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള 31.03.2020 ലെ നീക്കിയിരിപ്പ് തുക (Temporary Advance For Official Purpose) ബാലൻസ്ഷീറ്റ്, ഷെഡ്യൂൾ B-18 പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| അഡ്വാൻസ് രജിസ്റ്റർ പ്രകാരം 31/3/2020 ലെ നീക്കിയിരിപ്പ് | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരം 31/3/2020 ലെ നീക്കിയിരിപ്പ് |
|---|---|
| 386441 | 394996 |

## 1-27 വായ്പ കണക്കുകൾ ബാലൻസ് ഷീറ്റുമായി പൊരുത്തമില്ല.

വായ്പ ഇനത്തിൽ തിരിച്ചടക്കുവാൻ 31/3/2019 ൽ ബാക്കിയുണ്ടായിരുന്ന തുക യഥാർത്ഥത്തിൽ 4050000/-രൂപയാണ്. എന്നാൽ 18-19 ൽ തന്നെ തിരിച്ചടച്ച 22297 രൂപ കൂടി ചേർത്ത് 4072297 രൂപ മുന്നിരിപ്പായി കണക്കിലെടുക്കുകയും 2019-20 ൽ തിരിച്ചടച്ച 411765/-രൂപ കുറച്ച് 3660532 രൂപയാണ് ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-5 ൽ ചേർത്തിരിക്കുന്നത്. യഥാർത്ഥത്തിൽ B-5 ൽ വരേണ്ടിയിരുന്ന തുക 3638235/-(4050000-411765=3638235/-രൂപ) ആണ്.

## 1-28 വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം ഇനത്തിൽ ലഭിച്ചതും 2019-20 ൽ ചെലവ് വന്നതുമായ 120000/-രൂപ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-29 മുൻകൂർ ക്രമീകരിച്ചിട്ടില്ല.

അഡ്വാൻസ് രജിസ്റ്റർ പ്രകാരം 460500501 എന്ന ശീർഷകത്തിൽ Advance To Implimenting Officers എന്ന ശീർഷകത്തിൽ തെരുവ് വിളക്ക് അറ്റകുറ്റപ്പണിക്കായി തനത് ഫണ്ടിൽ നിന്ന് താഴെ ചേർത്തിരിക്കും പ്രകാരം മുൻകൂർ നൽകിയത് 2019-20 പദ്ധതിയിലോ 2020-21 പദ്ധതിയിലോ ക്രമീകരിച്ചിട്ടില്ല.

| വൗച്ചർ നമ്പർ/തീയതി | തുക |
|---|---|
| 21900160/28.5.2019 | 56420/- |

| | |
|---|---|
| 21900354/29.7.2019 | 127412 |
| 21900356/29.7.2019 | 1288 |
| 21900578/10.10.2019 | 35679 |

മുൻകൂർ തുക ക്രമീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 8 ഡെപ്പോസിറ്റ് വർക്ക് -ലയബിലിറ്റി വരുമാനമായി ക്രമീകരിക്കാവുന്നതാണ്.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 8 ഡെപ്പോസിറ്റ് വർക്ക് എന്ന ഇനത്തിൽ 341100101 എന്ന ഹെഡ്ഡിൽ Deposit Work- CivilWork ഹെഡ്ഡിൽ 500.00 കാണിച്ചിരിക്കുന്നത് 1.4.2012 മുതൽ ലയബിലിറ്റി ആയി കാണിച്ചു വരുന്നതാണ്. ആയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ-9/9.8.2021) നൽകിയതിന് ടി തുക റോഡ് റിസ്റ്റോറേഷൻ ചാർജ്ജ് ആണെന്നും ആയത് തെറ്റായി പ്രസ്തുത ഹെഡ്ഡിൽ ഉൾപ്പെടുത്തിയതാണെന്നും അറിയിച്ചിട്ടുണ്ട്. തെറ്റായ ഹെഡ്ഡിൽ ചേർത്ത തുക മാറ്റി ഇടേണ്ടതാണ്.

## 1-31 Other Liability തുകകൾ പരിശോധന വിധേയമാക്കേണ്ടതാണ്.

2019-20 ബാലൻസ് ഷീറ്റ് ബി9 Other Liability എന്ന ഹെഡ്ഡിൽ 324857 രൂപ ബാലൻസ് ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ലെഡ്ജർ പരിശോധിച്ചതിൽ ടെണ്ടർ ഫോമിന്റെ GST, സംയുക്ത പദ്ധതി വിഹിതം എന്നിവ ഈ ഹെഡ്ഡിൽ ഉൾപ്പെട്ടതായി കണ്ടു. ഇത് സംബന്ധിച്ച് പ്രസ്തുത തുകകൾ യഥാർത്ഥ ലയബിലിറ്റി തന്നെയാണോ എന്ന വിഷയം പരിശോധിച്ച് മറുപടി അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-9/9.8.2021) മറുപടി ലഭ്യമാക്കിയില്ല. Other Liability എന്ന ഹെഡ്ഡിൽ ഉൾപ്പെട്ട തുകകൾ പരിശോധിച്ച് മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-32 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ വരുമാനമായി ക്രമീകരിക്കാവുന്നതാണ്.

2019-20 ബാലൻസ് ഷീറ്റ് ബി7 ലെ 340200199 എന്ന ഹെഡ്ഡിൽ 810134 രൂപ ഉൾപ്പെട്ടിട്ടുണ്ട്. ആയതിന്റെ യാതൊരു വിശദാംശവും ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ലെഡ്ജർ പരിശോധിച്ചതിൽ പ്രസ്തുത തുക 1.4.2021 മുതൽ ഈ ഹെഡ്ഡിൽ ഉൾപ്പെട്ടു വരുന്നതാണ്. 340100103 എന്ന ഹെഡ്ഡിലെ (Bidders EMD) 129180രൂപ, 340100203 എന്ന ഹെഡ്ഡിലെ (Bidders SD) 333706 രൂപ എന്നിവ 2017-18 മുതൽ ഡെപ്പോസിറ്റ് ഹെഡ്ഡിൽ ഉൾപ്പെട്ടു വരുന്നതാണ്. 3 വർഷത്തിനുമേൽ കാലാവധി കഴിഞ്ഞ ലയബിലിറ്റികൾ വരുമാനമായി ക്രമീകരിക്കാവുന്നതാണ്. (കേരള ഫിനാൻഷ്യൽ കോഡ് വോള്യം I ആർട്ടിക്കിൾ 282(5)d)

## 1-33 Stale Cheque വരുമാനമായി ക്രമീകരിക്കാവുന്നതാണ്.

2019 -20 ബാലൻസ് ഷീറ്റ് B9 350800101 Liability In Respect Of Stale Cheque എന്ന ഹെഡ്ഡിൽ 462573 രൂപ കാണിച്ചിട്ടുണ്ട്. ഈ തുക 2018 ജൂലൈ മുതൽ ഈ ഹെഡ്ഡിൽ ഉൾപ്പെട്ടു വരുന്നതാണ്. 2020-21 ലും ഈ തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. 3 വർഷത്തിനുമേൽ കാലാവധി കവിഞ്ഞ ലയബിലിറ്റികൾ വരുമാനമായി ക്രമീകരിക്കുന്ന വിഷയം പരിഗണിക്കാവുന്നതാണ്.

## 1-34 ക്യാൻസൽ ചെയ്ത രസീതിന്റെ ഡ്യൂപ്ലിക്കേറ്റ് ലഭ്യമായില്ല.

12/7/2019 തീയതിയിൽ വെറ്ററിനറി സർജന് നൽകിയ രസീതി ബുക്ക് നമ്പർ : 6822 ൽ രസീതി നമ്പർ : 4 ക്യാൻസൽ ചെയ്തിട്ടുണ്ട്, എന്നാൽ ടി രസീതിന്റെ ഡ്യൂപ്ലിക്കേറ്റ് പരിശോധനയ്ക്ക് ലഭ്യമായില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ:4, തീയതി :6/08/2021) Clerical Error മൂലം അപാകത സംഭവിച്ചതാണ് എന്ന മറുപടിയാണ് ലഭ്യമായത്, ആയത് തൃപ്തികരമല്ല. രസീതിന്റെ ഡ്യൂപ്ലിക്കേറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-35 ഒരു രസീതിയിൽ പത്ത് പേരുടെ ഗുണഭോക്തൃവിഹിതം ഈടാക്കി.

26/9/2019 തീയതിയിൽ വെറ്ററിനറി സർജന് നൽകിയ രസീതി ബുക്ക് നമ്പർ : 6877 ൽ ,രസീതി നമ്പർ 77 മുതൽ 86 വരെയുള്ള രസീതികളിൽ ഓരോന്നിലും 5500/-രൂപാവീതവും (പത്ത് പേരുടെ ഗുണഭോക്തൃവിഹിതം) രസീതി നമ്പർ 87 ൽ 2750/- രൂപയും (അഞ്ച് പേരുടെ ഗുണഭോക്തൃവിഹിതം) 30/03/2020 തീയതിയിൽ ഈടാക്കിയിരിക്കുന്നു. ഒരു രസീതി ഉപയോഗിച്ച് ഒന്നിലധികം ഗുണഭോക്താക്കളുടെ പക്കൽനിന്നും ഗുണഭോക്തൃവിഹിതം (Poultry Scheme 2019-20) ഈടാക്കിയതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ: 4 , തീയതി :6/08/2021) സാമ്പത്തിക വർഷാവസാനം ആയതിനാലും ക്ലറിക്കൽ സ്റ്റാഫിന്റെ അഭാവവും മൂലമാണ് ഇത്തരത്തിൽ ഗുണഭോക്തൃവിഹിതം ഈടാക്കിയതെന്ന് മറുപടി ലഭ്യമായിട്ടുണ്ട്. കേരളാ ട്രഷറി കോഡ്, വോള്യം 1, ആർട്ടിക്കിൾ 90(എ) , കേരളപഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 20 എന്നിവ പ്രകാരം ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ച് രസീതുകൾ എഴുതേണ്ടതും, രസീതിയുടെ അസ്സൽ ഓഫീസിൽ സൂക്ഷിക്കേണ്ടതും പണം ഒടുക്കിയ ആൾക്ക് ഡ്യൂപ്ലിക്കേറ്റ് നൽകേണ്ടതുമാണ്.

## 1-36 ലൈസൻസ് ഫീസ് അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് ലൈസൻസ് ചട്ടങ്ങൾക്ക് ഭേദഗതി വരുത്തി ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ എന്നാക്കി മാറ്റിയപ്പോൾ ദിവസ വിറ്റുവരവിനു പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് കണക്കാക്കേണ്ടത്. എന്നാൽ 2019-20 ലെ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ ഭൂരിഭാഗം അപേക്ഷകളിലും മൂലധന നിക്ഷേപം എത്രയെന്ന് രേഖപ്പെടുത്തിയിട്ടില്ല. ഉദാ.തോമസ് ആന്റോ, 14/27, സെന്റ് ജോർജ്ജ് ക്ളേ പ്രൊഡക്ട്സ്. ചില അപേക്ഷകളിൽ നിലവിലും മൂലധന നിക്ഷേപത്തിനു പകരം ദിവസ വിറ്റുവരവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഉദാ.1/499, സാബു ആന്റണി, സെന്റ് ഫ്രാൻസീസ് ക്ളേ പ്രൊഡക്ട്സ്.

ചട്ട പ്രകാരമുള്ള രീതിയിൽ അപേക്ഷ സ്വീകരിക്കുന്നതിനും ആയതിനനുസൃതമായി ലൈസൻസ് ഫീസ് ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-37 കാലാവധി കഴിഞ്ഞ ക്ളിയറൻസ് സർട്ടിഫിക്കറ്റിന്മേൽ ലൈസൻസ് നൽകി .

കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക 5 ചട്ടം 12(5) എ,ബി പ്രകാരം ക്ലിയറൻസ് ആവശ്യമായ വ്യവസായങ്ങളുടെ ലിസ്റ്റിൽ ക്രമ നമ്പർ-9 ൽ ഉൾപ്പെടുത്തിയിട്ടുള്ള ഔഷധ വസ്തുക്കളുടെ നിർമ്മാണത്തിനായി ലൈസൻസ് എടുത്ത 8/399-402, ശ്രീ. കെ .സുകുമാരൻ, മാനേജിങ്ങ് പാർട്ട്നർ, KRTI Life Sciences Ltd. അന്നനാട് എന്ന

സ്ഥാപനത്തിന്റെ അപേക്ഷയോടൊപ്പം ഹാജരാക്കിയ ഔഷധ നിർമ്മാണ ലൈസൻസിന്റെ കാലാവധി 31.12.2017 വരെ മാത്രമുള്ളതാണ്. ലൈസൻസ് നൽകുമ്പോൾ ചട്ടത്തിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും, പുതുക്കിയ ഔഷധ നിർമ്മാണ ലൈസൻസ് ഹാജരാക്കാൻ ആവശ്യപ്പെടേണ്ടതും, ആയത് ലഭ്യമാക്കാത്ത പക്ഷം ഗ്രാമപഞ്ചായത്തിൽ നിന്നും നല്കിയ ലൈസൻസ് റദ്ദ് ചെയ്യേണ്ടതുമാണ്.

## 1-38 ട്രേഡേഴ്സ് ലിസ്റ്റും ലൈസൻസ് നൽകിയ സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ പൊരുത്തമില്ല.

പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 16 വാർഡുകളിലായി 298 സ്ഥാപനങ്ങളാണ് ഉള്ളത്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 2019 – 20 ലേക്ക് 314 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നത് പഞ്ചായത്ത് പരിധിയിൽ ഉള്ള ലൈസൻസിനു വിധേയമായ സ്ഥാപനങ്ങൾ കൃത്യമായി ലൈസൻസ് എടുക്കുന്നുണ്ടോ എന്ന പരിശോധന സാധ്യമാക്കുന്നതിനായാണ്. ആയതിനാൽ ട്രേഡേഴ്സ് ലിസ്റ്റ് കൃത്യമായി തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-39 സൗരോർജ്ജ ജല താപന സംവിധാനം ഉറപ്പു വരുത്തേണ്ടതാണ്.

ഫയൽ നമ്പർ - E-2744/19/25.5.2019

സൗമ്യ ഷിജു, പള്ളത്തുകാട്ടിൽ, ചെറുവാളൂർ എന്ന വ്യക്തിയുടെ സർവ്വെ 2166 ൽ വാസഗൃഹം പണിയുന്നതിന് അനുവദിച്ച E-BA-(218405)/2019/28.5.2019 പെർമ്മിറ്റിന്റെ ഫയൽ പരിശോധിച്ചതിൽ KPBR 2011 ചട്ടം 103 പ്രകാരമുള്ള 400 എം2 ന് മുകളിൽ നിർമ്മിത വിസ്തീർണ്ണമുള്ള ഏക കുടുംബ പാർപ്പിടങ്ങൾക്ക് ഉറപ്പു വരുത്തേണ്ട സൗരോർജ്ജ ജല താപന സംവിധാനം ഉറപ്പു വരുത്തിയിട്ടില്ല. ചട്ടം 103(4) പ്രകാരം കൈവശ സർട്ടിഫിക്കറ്റ് നൽകുന്നതിനു മുമ്പ് കെട്ടിടത്തിൽ സൗരോർജ്ജ ജല താപന സംവിധാനം ഉണ്ടെന്ന് ഉറപ്പു വരുത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-40 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - പദ്ധതിയിൽ നിന്നും വിട്ടുപോയവരുടെ വിഹിതം തിരികെ ഈടാക്കേണ്ടതാണ്.

പദ്ധതി നമ്പർ –63/2020

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

ബിൽ നമ്പർ -3/22.1.2020-325000/-

ബിൽ നമ്പർ - 6/22.1.2020-75000/-

മേൽ ബില്ലുകൾ പ്രകാരം ആകെ 4 ലക്ഷം രൂപ കന്നുകുട്ടി പരിപാലന പദ്ധതിക്കായി എസ് എൽ ബി പി ക്ക് കൈമാറുകയും പാളയംപറമ്പ് ക്ഷീര സംഘം മുഖേന ഫീഡ് വിതരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സംഘത്തിന്റെ നാൾവഴി രജിസ്റ്റർ പരിശോധിച്ചതിൽ 6 ഗുണഭോക്താക്കൾ കന്നുകുട്ടി മരണപ്പെട്ടതിനാൽ ഫീഡ് വാങ്ങലിൽ നിന്ന് ഒഴിവായതായി കാണുന്നു. ഈ ഗുണഭോക്താക്കളുടെ വിഹിതം ഉൾപ്പെടെ എസ് എൽ ബി പി ക്ക് കൈമാറിയിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താക്കളുടെ പേരു വിവരം | സബ്സിഡി കൈപ്പറ്റിയതിന്റെ വിവരം |
|---|---|---|
| 1 | ഷൈനി പോൾ | ഒറ്റ തവണ പോലും ഫീഡ് വാങ്ങിയിട്ടില്ല. |
| 2 | റാണി ഡേവിസ് | ,, |
| 3 | ലത ഉണ്ണി | 3375 രൂപക്കുള്ള ഫീഡ് കൈപ്പറ്റി. |
| 4 | സരിത സേവിയർ | 4725 രൂപക്കുള്ള ഫീഡ് കൈപ്പറ്റി |
| 5 | റെജി ബേബി | ഒറ്റ തവണ പോലും ഫീഡ് വാങ്ങിയിട്ടില്ല |
| 6 | ജയ കേശവൻ | 3375 രൂപക്കുള്ള ഫീഡ് കൈപ്പറ്റി. |

പദ്ധതി അവസാനിക്കുന്ന മുറക്ക് ചെലവഴിക്കാതെ അവശേഷിക്കുന്ന പദ്ധതി വിഹിതം തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 1-41 കാതിക്കുടം പ്രാഥമികാരോഗ്യ കേന്ദ്രം നവീകരണം. എഗ്രിമെന്റ് വെയ്ക്കാൻ വീഴ്ച വരുത്തിയ കരാറുകാരന്റെ നിരതദ്രവ്യം കണ്ടുകെട്ടി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയ വിവരം അറിയിക്കേണ്ടതാണ്.

അടങ്കൽ തുക . മെയിന്റനൻസ് ഗ്രാന്റ് - 624748

പ്രിലിമിനറി എഗ്രിമെന്റ് തിയ്യതി. 25/09/2019
സെലക്ഷൻ നോട്ടീസ് നമ്പർ. 47/20 തിയ്യതി. 26.11.2019

ഈ പ്രവർത്തിക്കായി TEN/03/19-20/AE/KDY Dt. 08/11/2019 പ്രകാരം ഇ ടെൻഡർ ക്ഷണിച്ചു. തുടർന്ന് അഖിൽ പോൾ എന്നയാളുടെ 564141.88 രൂപ നിരക്കിലുള്ള ടെൻഡർ 26/11/2019 തിയ്യതിയിലെ 2/4 നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിരുന്നു.
ശ്രീ. അഖിൽ പോൾ ഇ.എം .ഡി യായി 15619 രൂപ അടയ്ക്കുകയും ചെയ്തിട്ടുണ്ട് (ബിഡ് ഐഡി നമ്പർ. 778465/ 04-11-2019. എന്നാൽ
ശ്രീ. അഖിൽ പോൾ സമയബന്ധിതമായി എഗ്രിമെന്റ് വെയ്ക്കാതിരുന്നതിനെത്തുടർന്ന് 24/02/2020 ലെ പഞ്ചായത്ത് ഭരണസമിതി യോഗം തീരുമാനം 10 പ്രകാരം പ്രവൃത്തി റീടെൻഡർ ചെയ്യുന്നതിന് തീരുമാനിച്ചു. തുടർന്ന് ഇതിൻമേൽ ശ്രീ. ജോസ് പോൾ എന്നയാൾ 564141.88 തുക തന്നെ രേഖപ്പെടുത്തുകയും റീടെൻഡർ അംഗീകരിക്കുകയും ചെയ്തു. എന്നാൽ നിരതദ്രവ്യം കണ്ടു കെട്ടിയതായി രേഖയില്ല. പി.ഡബ്ള്യു.ഡി മാന്വൽ 2009-6 പ്രകാരം ഇക്കാര്യത്തിൽ കൈക്കൊണ്ട നടപടി എന്തെന്ന ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകാത്ത സാഹചര്യത്തിൽ സെലക്ഷൻ നോട്ടീസ് നൽകിയെങ്കിലും നിയമാനുസൃത തുടർനടപടി സ്വീകരിക്കാത്തതായി ഓഡിറ്റിൽ വിലയിരുത്തുന്നു. കണ്ടുകെട്ടാത്ത ഇ.എം.ഡി തുക പഞ്ചായത്തിനുണ്ടായ നഷ്ടമായി കണക്കാക്കി ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 1-42 സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല.

2019 -20 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.,

| പദ്ധതി നം | പദ്ധതിയുടെ പേര് | കൈമാറിയ തുക | ബിൽ നം, തിയതി | കൈമാറിയ സ്ഥാപനം |
|---|---|---|---|---|
| 1/19-20 | എസ് എസ് എ വിഹിതം നൽകൽ | 400000<br>16320 | 9/16-8-2019<br>40/6-3-2020 | എസ് എസ് എ ജില്ലാ പ്രോജക്റ്റ് ഓഫീസർ, തൃശ്ശൂർ |
| 151/20 | തോട്ടത്തിക്കടവ് -ചെറാലക്കുന്ന് ജലവിതരണം- ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 300000<br>50000 | 84/31-8-2019<br>85/31-8-2019 | കെ എസ് ഇ ബി, കൊരട്ടി |
| 195/20 | തോട്ടത്തിക്കടവ് -ചെറാലക്കുന്ന് ജലവിതരണ പദ്ധതി | 269960<br>30040<br>4044 | 86/31-8-2019<br>240/7-2-2020<br>241/7-2-2020 | |
| 198/20 | എ ബി സി പ്രോഗ്രാം | 50000 | 10/19-20, തിയതി ലഭ്യമല്ല. | ജില്ലാ മിഷൻ കോ ഓഡിനേറ്റർ, തൃശ്ശൂർ |

വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-43 മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രോജക്റ്റ് നം : 58/19-20

പ്രോജക്റ്റിന്റെ പേര് : പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ

ആകെ അടങ്കൽ : 413186

ചെലവ് : 340000( സ്പിൽ ഓവർ : 73186/-)

2. ട്രഷറി ബിൽ നം : 11 , തീയതി : 18/12/2019, തുക :260000/-

2. ട്രഷറി ബിൽ നം : 17 , തീയതി : 26/02/2020, തുക :73186/-

3. BRN No :19230452024101632547 , തീയതി :28/3/2020 , തുക : 80000/-

മേൽ സൂചിപ്പിച്ച ബില്ലുകൾ പ്രകാരം ആകെ 413186 രൂപ കെ. എം.എസ്.സി. എൽ ന് കൈമാറിയിട്ടുണ്ട്. ഇതിൽ ട്രഷറി ബിൽ നം : 17 , തീയതി : 26/02/2020 പ്രകാരമുള്ള 73186/- രൂപയുടെ മരുന്നും BRN No :19230452024101632547 , തീയതി :28/3/2020 പ്രകാരം കൈമാറിയ 80000/- രൂപയിൽ 1064/-രൂപയുടെ മരുന്നും ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-44 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

പ്രോജക്റ്റ് നം : 92/19-20

പ്രോജക്റ്റിന്റെ പേര് : കാൻ തൃശ്ശൂർ
നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ

ട്രഷറി ബിൽ നം : 12, തീയതി : 24/01/2020

തുക : 80000/-

മേൽ ബിൽ പ്രകാരം 80000/- രൂപ തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഇതിൽ 50175/- രൂപ വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. ബാക്കി തുകയായ 29825/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-45 പെയിൻ ആന്റ് പാലിയേറ്റീവ് കെയർ മരുന്നുകൾ /ചികിത്സാ ഉപകരണങ്ങൾ ലഭ്യമായിട്ടില്ല.

പ്രോജക്റ്റ് നം : 54/19-20

പ്രോജക്റ്റിന്റെ പേര് : പെയിൻ ആന്റ് പാലിയേറ്റീവ് കെയർ

ആകെ അടങ്കൽ : 600000/-

ചെലവ് : 599999/- (449999 (പൊതുവിഭാഗം സാധാരണവിഹിതം) + 50000 (ബ്ലോക്ക് പഞ്ചായത്ത്) + 100000 (ജില്ലാപഞ്ചായത്ത്))

പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പ്രോജക്റ്റ് പ്രകാരം 150000/- രൂപ മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടുള്ളതിൽ 124680/- രൂപ പാലിയേറ്റീവ് രോഗികൾക്ക് മരുന്ന്, അനുബന്ധ സാമഗ്രികൾ, ചികിത്സാഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുവേണ്ടി K.M.S.C.L ന് നൽകിയിട്ടുണ്ട്. ഇതിൽ 5392/- രൂപയുടെ മരുന്ന്/ ചികിത്സാഉപകരണങ്ങൾ കൂടി ലഭ്യമാകാനുണ്ട്. ആയത് ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | | | | |
| | | 100000 | ആശ്രയ ജനറൽ ഷെയർ നൽകൽ | 100000 | 0 |
| | | 1300000 | ലൈഫ് സ്റ്റേറ്റ് ഷെയർ നൽകൽ | 1300000 | 0 |
| | | 500000 | നെൽകൃഷിക്ക് കൂലിചെലവ് | 499950 | 50 |
| | | 50000 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ | 50000 | 0 |
| | | 100000 | അംഗൻവാടി ഫീഡിംഗ് | 100000 | 0 |
| | | 250000 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 250000 | 0 |
| | | 100000 | പാലിന് സബ്സിഡി | 100000 | 0 |
| | | 300000 | ഹരിതകർമസേന | 300000 | 0 |
| | | 850000 | ഏക്കാട്ടിൽ കളപ്പുരക്കൽ എൽ ഐ | 846170 | 3830 |
| ജില്ലാ പഞ്ചായത്ത് | | 2000000 | കുടുംബശ്രീ ആസ്ഥാനമന്ദിരം നിർമാണം | 950000 | |
| | | 450000 | പൊതുകിണർ പുനരുദ്ധാരണം | 164750 | 285250 |
| | | 200000 | ശിശു സൗഹൃദ അംഗൻവാടി കളിക്കോപ്പ് | 197478 | 2522 |
| | | 300000 | തോട്ടത്തിക്കടവ് ചെറാലക്കുന്ന് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 300000 | 0 |
| | | 300000 | ജലരക്ഷ ജീവരക്ഷ -തോട്ടത്തിക്കടവ് ചെറാലക്കടൽ | 300000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

വിവരം ലഭ്യമായിട്ടില്ല.ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം/ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | സ്ട്രീറ്റ് മെയിൻ വലിക്കൽ | 21901271 | 301707 | വിവരം ലഭ്യമായിട്ടില്ല. | വിവരം ലഭ്യമായിട്ടില്ല. |
| കെ എസ് ഇ ബി, കൊരട്ടി | തോട്ടത്തിക്കടവ് ചെറാലക്കുന്ന് ജലവിതരണം ട്രാൻസ്ഫോർമർ സ്ഥാപിക്കൽ (Project No.151/20) | 21900935 21900503 | 350000 | വിവരം ലഭ്യമായിട്ടില്ല. | വിവരം ലഭ്യമായിട്ടില്ല. |
| കെ എസ് ഇ ബി, കൊരട്ടി | തോട്ടത്തിക്കടവ് ചെറാലക്കുന്ന് ജലവിതരണം ട്രാൻസ്ഫോർമർ സ്ഥാപിക്കൽ (Project No.195/20) | 21900504 21901077 21901076 | 304044 | വിവരം ലഭ്യമായിട്ടില്ല. | വിവരം ലഭ്യമായിട്ടില്ല. |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം/തിയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്നതുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| Life Mission-HUDCO KURDFC Loan | | 4072297/- | 4072297/- | 411765 | 0 | 3660532/- |

## 4-5 സ്ഥിരനിക്ഷേപം.

| | |
|---|---|
| തൻവർഷത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 3000000 |
| തൻവർഷം നിക്ഷേപിച്ച തുക | 2000000 |
| പലിശ | 248178 |
| ആകെ | 5248178 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5248178 |

## 4-6 ഓഡിറ്റ് റിക്കവറി

.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2002-03 | 2-4 | 2006-07 | 3.58.1 | മണൽ പെർമിറ്റ് പിരിച്ചെടുത്ത തുക 135501/രൂപാ പഞ്ചായത്തിൽ അടവാക്കിയില്ല. | മറുപടി നിശ്ചിത പ്രഫോർമയിൽ 16-10-2019ന് സമർപ്പിച്ചിട്ടുണ്ട്. |
| 2004-05 | 3-4 | 2009-10 | 3.8.8 | കുടുംബശ്രീ സമഗ്രകൃഷി വികസനം-കൃഷി ഉപകരണങ്ങൾ വാങ്ങൽ- മോണിറ്ററിംഗിന്റെ അഭാവം | മറുപടി നിശ്ചിത പ്രഫോർമയിൽ 16-10-2019ന് സമർപ്പിച്ചിട്ടുണ്ട് |
| 2004-05 | 3-3 | 2009-10 | 2.8.5 | നിക്ഷേപവേലകൾ പൂർത്തീകരിക്കാത്തത് | മറുപടി നിശ്ചിത പ്രഫോർമയിൽ 16-10-2019ന് സമർപ്പിച്ചിട്ടുണ്ട് |
| 2014-15 | 2-5 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | മറുപടി നിശ്ചിത പ്രഫോർമയിൽ 16-10-2019ന് സമർപ്പിച്ചിട്ടുണ്ട് |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 56704515 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 62783910 |
| വരവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ് തുക | സർചാർജ്ജ് തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | ഇല്ല |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | ഇല്ല | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 78-79 | എൽ.എഫ്.ടി.(എസ്.2)-1086/11/2010-2011/ 10.01.12 |
| 79-80 | |
| 83-84 | |
| 85-86 | |
| 86-87, 87-88 | |
| 88-89, 89-90 | |
| 91-92 | |
| 92-93, 93-94 | |
| 94-95, 95-96 | |
| 96-97 | എൽ.എഫ്.ടി.8-395/98/ 22.09.98 |
| 97-98 | എൽ.എഫ്.ടി.7- 1471/98/ 09.03.09 |
| 98-99 | എൽ.എഫ്.ടി.7- 119/2000/ 20.05.2000 |
| 99-2000 വരവ് | എൽ.എഫ്.ടി.7-118/2000/ 20.05.2000 |
| 99-2000 ചെലവ് | എൽ.എഫ്.ടി.956/01/ 30.01.01 |
| 2000-01 | എൽ.എഫ്.ടി.14-1043/05/ 13.09.05 |
| 2001-02 | എൽ.എഫ്.ടി.14-1044/05/ 20.09.05 |
| 2002-03 | എൽ.എഫ്.ടി.14-1085/05/ 30.09.05 |
| 2003-04 | എൽ.എഫ്.ടി.14-440/06/ 02.06.06 |
| 2004-05 | എൽ.എഫ്.ടി.14-1398/08/ 05.09.09 |
| 2005-06 | എൽ.എഫ്.ടി.14-1399/08/ 05.09.09 |
| 2006-07 | എൽ.എഫ്.ടി.14-829/09/ 20.09.10 |
| 2007-08 | എൽ.എഫ്.ടി.14-1151/11/ 24.11.11 |
| 2008-09 | എൽ.എഫ്.ടി.പി3-2067/11/ 23.01.12 |
| 2009-10 | എൽ.എഫ്.ടി.പി3-1083/12/ 12.10.12/04.02.13 |
| 2010-11 | എൽ.എഫ്.ടി.പി3-1082/12/ 12.10.2012/04.02.13 |
| 2011-12 | എൽ.എഫ്.ടി.പി7-893/2013 തി.13.01.13/03.01.14 |
| 2012-13 | എൽ.എഫ്.ടി.പി7-459/14 തി.11.09.14/5.12.1 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.പി.7- 1184/15 തി.19.10.15/3.11.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.പി.7 - 1218/16 തി.25.07.2016/30.07.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.പി.7-2039/16 തി.16.01.2017 |
| 2016-17 | കെ.എസ്.എ ടിഎസ് ആർ പി.7-1707/17 തി.1.12.17/29.12.17 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ(പി.7)483/2019തി.29.04.2019 |
| 2018-19 | നം.കെ.എസ്.എ.-ടി.എസ്.ആർ(പി7)124/2020 ,തീയതി.21.05.2020 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ കാട്ടകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്